# പാഠം / Lesson - 4

# യേശുക്രിസ്തുവിന്റെ ജീവചരിത്രം

# THE LIFE HISTORY OF JESUS CHRIST

## 2. യേശുവിന്റെ സ്നാനം
## Baptism of Jesus

**വായനഭാഗം / Scripture Portions**

മത്താ. 3:13–17, ലൂക്കൊ.3:1–22 ; മർക്കൊ. 1:1–11; യോഹ. 1:29–34

Mat. 3:13-17; Lk. 3:1-22; Mk. 1:1-11; Jn. 1:29-34

**മനഃപാഠം / *Memory Verse* : മത്തായി 3:16-17 / Mt. 3:16-17**

"യേശു സ്നാനം ഏറ്റ ഉടനെ വെള്ളത്തിൽ നിന്നും കയറി, അപ്പോൾ സ്വർഗ്ഗം തുറന്നു. ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വരുന്നത് അവൻ കണ്ടു; ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്നു സ്വർഗ്ഗത്തിൽ നിന്നു ഒരു ശബ്ദം ഉണ്ടായി. '

"And whem Jesus was baptized, he went up immediately from the water, and behold, the heavens were opened and he saw the spirit of God descending like a dove, and alighting on him, and to, a voice from heavens, saying, This is my beloved son, with whom I am well pleased."

**ലക്ഷ്യം :**

ദൈവഹിതത്തിനു സമ്പൂർണ്ണമായി വിധേയപ്പെട്ട് മാതൃക കാണിച്ചുതന്ന യേശുവിനെ അനുസരിക്കുക

**മുഖവുര :**

യേശുക്രിസ്തുവിന്റെ പരസ്യശുശ്രൂഷ ആരംഭിക്കുന്നതിന് മുമ്പുള്ള പ്രധാന സംഭവമാണ് തന്റെ സ്നാനം. അതുകൊണ്ട് ത

**Objective :**

To obey Jesus as a model who was completely loyal to the will of God.

**Introduction :**

The most important event before the public ministry of Jesus Christ is baptism. So all the four gospel writers

ന്നെ 4 സുവിശേഷങ്ങളിലും തന്റെ യോർദ്ദാൻ നദിയിലെ സ്നാനം അതിന്റെ പ്രാധാന്യത്തോടുകൂടി വിവരിച്ചിരിക്കുന്നത് അതിനാലാണ് (ലൂക്കൊ. 2:21-24, മത്താ. 2:1-23).

### യോഹന്നാന്റെ ശുശ്രൂഷയും യേശുവിന്റെ സ്നാനവും :

വാഗ്ദത്ത മശിഹായായ യേശുക്രിസ്തുവിന് പാതയൊരുക്കുവാൻ ദൈവത്താൽ നിയോഗിക്കപ്പെട്ട വ്യക്തിയായിരുന്നു. യോഹന്നാൻ സ്നാപകൻ. താൻ യെഹൂദ മരുഭൂമിയിലും സമീപപ്രദേശങ്ങളിലും മാനസാന്തരം പ്രസംഗിച്ചു. അനേകർ തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞ് യോർദ്ദാൻ നദിയിൽ യോഹന്നാനാൽ മാനസാന്തര സ്നാനം ഏറ്റു. അക്കാലത്ത് യേശു ഗലീലയിലെ നസ്രേത്തിൽ നിന്ന് യോഹന്നാനാൽ സ്നാനം ഏൽക്കുവാൻ അവന്റെ അടുക്കൽ വന്നു. എന്നാൽ യോഹന്നാൻ വിസമ്മതിച്ചു. ഇപ്പോൾ സമ്മതിക്ക ഇങ്ങനെ സകല നീതിയും നിവർത്തിക്കുന്നത് നമുക്ക് ഉചിതം എന്ന് യേശു പറഞ്ഞു. അതനുസരിച്ച് യോഹന്നാൻ യേശുവിനെ സ്നാനപ്പെടുത്തി സ്നാനം കഴിഞ്ഞ് വെള്ളത്തിൽ നിന്ന് കയറിയപ്പോൾ ദൈവാത്മാവ് പ്രാവെന്നപോലെ ഇറങ്ങി തന്റെ മേൽ വന്നു (മത്താ. 3:17-17).

### യേശുവിന്റെ സ്നാനത്തിന്റെ പ്രാധാന്യം :

പാപമില്ലാത്ത യേശുവിന് മാനസാന്തരത്തിന്റെയോ, പാപമോചനത്തിന്റെയോ ആവശ്യം ഉണ്ടായിരുന്നില്ല. എന്നാൽ മാനസാന്തരത്തിനുള്ള സ്നാനം യേശു എന്തിന് ഏറ്റു ?

1. പാപികൾക്കുവേണ്ടി അവരോടുകൂടി എണ്ണപ്പെട്ട് അവരുടെ ശിക്ഷാവിധി ഏൽക്കുന്നതിന് വന്നവനായ ദൈവപുത്രൻ സ്നാനം ഏൽക്കുകയിൽ പാപികളായ മനുഷ്യവർഗ്ഗത്തോട് ഏകീഭവിക്കുകയായിരുന്നു. അത് നമ്മുടെ രക്ഷയ്ക്ക് ആവശ്യമായിരുന്നു.
2. യേശുവിന്റെ സ്നാനം താൻ പിന്നീട് അനുഭവിച്ച മരണത്തിനും പുനരുത്ഥാനത്തിനും നിഴലായിരുന്നു.
3. യേശുക്രിസ്തുവിന്റെ സ്നാനത്തിൽ

record Jesus' baptism at Jordan river, with much significance.

### JOHN'S MINISTRY AND JESUS' BAPTISM

John, the Baptist was called to prepare the way for Jesus, the promised Messiah. He preached repentance in the wilderness of Judea and nearby places. Many confessed their sins and got baptized at Jordan river. In those times, Jesus from Nazareth of Galilee came to John to be baptized by him. But John refused it. Jesus asked him to baptize him so that all righteousness would be fulfilled through the act of baptism. Thus, John baptized him. After the baptism, the Holy Spirit descended on Jesus in the form of a dove (Mt. 3:16-17).

### SIGNIFICANCE OF JESUS' BAPTISM

There was no need of repentance and salvation for Jesus since he was sinless. Then, why Jesus took the baptism of repentance?

1. Jesus came into this world to be counted among sinners. He was unified unto the sinful nature of mankind. It was necessary for salvation.
2. Jesus' baptism appeared as a shadow of his death and resurrection.
3. Jesus revealed his complete obe-

തന്റെ സമ്പൂർണ്ണ അനുസരണത്തെ വെളിപ്പെടുത്തുകയായിരുന്നു. ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്‌വാൻ വരുന്നു (എബ്രാ 10:9). മനുഷ്യവർഗ്ഗത്തിന്റെ രക്ഷയ്ക്കായി യേശു മരണത്തോളം ക്രൂശിലെ മരണത്തോളം അനുസരണമുള്ളവനായിത്തീർന്നു (ഫിലി. 2:8). അതുകൊണ്ടത്രേ ഇവൻ എന്റെ പ്രിയപുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു എന്ന് സ്വർഗ്ഗീയ പിതാവ് അരുളിച്ചെയ്തത്. യേശു സ്നാനത്തിൽ ദൈവത്തോടുള്ള വിധേയത്വവും സമ്പൂർണ്ണ അനുസരണവും വെളിപ്പെടുത്തി എങ്കിൽ നാം നമ്മുടെ അനുസരണവും വെളിപ്പെടുത്തണം.

4. യേശുവിന്റെ സ്നാനം നമുക്ക് മാതൃകയായിരിക്കുന്നു. മനുഷ്യവർഗ്ഗത്തോട് ഏകീഭവിക്കുന്നതിന് യേശു സ്നാനം ഏറ്റു എങ്കിൽ നാം സ്നാനത്തിൽ യേശുവിന്റെ മരണത്തോടും പുനരുത്ഥാനത്തോടും ഏകീഭവിക്കുകയാണ് (റോമ. 6:45). എന്നാൽ യേശുവിന്റെ സ്നാനം നമ്മുടെ സ്നാനത്തിൽ നിന്ന് വ്യത്യസ്തമാണെന്നുള്ള വസ്തുത വിസ്മരിക്കരുത്.

**സ്നാന സമയത്തെ സ്വർഗ്ഗീയ സാക്ഷ്യം :** തുറക്കപ്പെട്ട സ്വർഗ്ഗവും ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു, എന്ന സ്വർഗ്ഗീയ ശബ്ദവും പ്രത്യേകം ശ്രദ്ധേയമാണ്. ക്രിസ്തുവിന്റെ സമ്പൂർണ്ണ ദൈവത്വത്തെയും മനുഷ്യത്വത്തെയും ഇത് വിളംബരം ചെയ്യുന്നു. യേശുവിനെ മനുഷ്യവർഗ്ഗത്തിന്റെ വീണ്ടെടുപ്പുകാരനായി ദൈവം അംഗീകരിക്കുന്നതത്രെ. ഈ സ്വർഗ്ഗീയ പ്രഖ്യാപനം. പരിശുദ്ധാത്മാവ് പ്രാവെന്നപോലെ ഇറങ്ങി യേശുവിന്മേൽ വന്നതും ശ്രദ്ധിക്കേണ്ട ഒരു വിഷയമത്രേ. ഇതിലൂടെ പരസ്യശുശ്രൂഷയ്ക്കായി പരിശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്ത് ശുശ്രൂഷയ്ക്കായി ശക്തീകരിക്കുന്നു (പ്രവൃ. 2:33, 5:32).

സ്നാനാന്തരമുള്ള ഈ പ്രത്യേക സംഭവത്തിൽ ഏകദൈവത്തിന്റെ മൂന്ന് ആളത്വങ്ങൾ പ്രകടമായി കാണാം. സ്വർഗ്ഗത്തിൽ നി

dience through his baptism. Behold, I come to do thy will (Heb.10:9). Jesus obeyed unto the death at cross, for the salvation of mankind (Phili. 2:8). So, the heavenly father declared that Jesus was His beloved son in whom He was well pleased with. Jesus revealed complete loyalty to God in his baptism. So we must be obedient and loyal to the God.

4. Jesus' baptism is a model for us. As Jesus was baptized to be unified to the nature of mankind, we will be united unto the death and resurrection of Jesus through baptism (Rom. 6:1-5). Do not forget the fact that our baptism is different from Jesus' baptism. Testimony that heaven declares 'This is my beloved son, with whom I am well pleased' is noteworthy. It proclaims Jesus' complete divinity and humanity. Here God accepts and approves Jesus as the redeemer of the entire humanity. It is significant that Holy Spirit descended on Jesus in the form of a dove. Jesus is strengthened here with the Holy Spirit and power for his ministry (Acts 2:33; 5:32).

Three personalities of God are present in this event. Here, we see father who speaks from heaven, the son Jesus who is getting baptized and the Holy Spirit descending on Jesus in the form of a dove. Through baptism,

ന്ന് സംസാരിക്കുന്ന പിതാവ്, സ്നാനം ഏറ്റപുത്രനായ യേശുക്രിസ്തു പ്രാവുരൂപത്തിൽ ഇറങ്ങി വന്ന പരിശുദ്ധാത്മാവ് എന്നീ മൂന്ന് ആളത്വങ്ങളും ഈ സുപ്രധാന സംഭവത്തിൽ പങ്കാളികളാകുന്നു.

സ്നാനത്തിൽ കൂടി നാം യേശുക്രിസ്തുവിന്റെ മരണ പുനരുത്ഥാനങ്ങളോട് ഏകീഭവിക്കുകയും, സ്നാനം ഏറ്റവർ പരിശുദ്ധാത്മാവ് പ്രാപിച്ച് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യണം.

we get united unto the death and resurrection of Jesus, and those who are baptized shall receive the baptism in Holy Spirit and worship God.

## പ്രവൃത്തി പരിചയം / Activity

1. യേശുവിന്റെ സ്നാനത്തിന്റെ പ്രാധാന്യവും ദൈവീകത്വവും വിവരിക്കുക?
   Explain the importance of Jesus' baptism and apperance of Triune God

2. സ്നാനത്തിന്റെ പ്രാധാന്യതയും സ്വർഗ്ഗീയസാക്ഷ്യവും രേഖപ്പെടുത്തുക.
   Write the importance of Baptism and the heavenly voice at the time of Baptism

സ്നാനസമയത്തെ സ്വർഗ്ഗീയസാക്ഷ്യം
Heavenly voice at the time of Baptism

3. ത്രിയേക ദൈവത്തിന്റെ 3 ആളത്വങ്ങൾ ഏവ? ഇവ യേശുവിന്റെ സ്നാനത്തിൽ എങ്ങനെ വെളിപ്പെടുത്തപ്പെട്ടു? ചിത്രത്തിൽ എഴുതി വ്യത്യസ്ത നിറം നൽകുക
What are the three personalities of Triune God ? How it appeard at the time of Jesus Baptism write it on a picture and colour it with different Colours




4. വിശ്വാസ സ്നാനം എന്തിന് എന്നത് ചുവടെ ചേർത്തിരിക്കുന്ന വാക്യഭാഗങ്ങളിൽ നിന്നും കണ്ടുപിടിക്കുക.
Why we need believer’s Baptism? Find it out from the following scriptures

| | |
|---|---|
| റോമർ 6:3<br>Rom. 6:3 | |
| ഗലാത്യർ 3:27<br>Gal. 3:27 | |
| റോമർ 6:3-5<br>Rom. 6:3-5 | |